# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***S.V. UNNIKRISHNAN NAIR ,***
***SECRETARY ,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLIX AUGUST 2019 No. 8


| | ARTICLES | Page |
|---|---|---|
| സതീഷ് സൂര്യൻ | നടപ്പാക്കേണ്ടതല്ലേ ഗാഡ്ഗിൽ നിർദ്ദേശങ്ങൾ<br>സമകാലിക മലയാളം<br>[**26** ആഗസ്റ്റ് 2019] | 1-10 |
| മലയിൻകീഴ്<br>ഗോപാലകൃഷ്ണൻ | സെക്രട്ടേറിയറ്റ് മന്ദിരം ഒന്നര<br>നൂറ്റാണ്ടിന്റെ പ്രൗഢി<br>സമകാലിക ജനപഥം<br>[ആഗസ്റ്റ് 2019] | 11-19 |
| Suby Elizabeth Oommen | Prevention of Diseases through Primary Health Centres A Glimpse on Urban and Rural Areas in Kerala<br>[Southern Economist, 15 August 2019] | 20-28 |
| M. Sridhar Acharyulu | Blow to federalism<br>[Down to Earth, 16-31August 2019] | 29-31 |
| | <u>**പുസ്തകപരിചയം**</u> | |
| എം.വി.സി. | കാലത്തിന്റെ നേർസാക്ഷ്യം -<br>[പുസ്തകപരിചയം - "പ്രസ് ഗ്യാലറി കണ്ട സഭ ", പി. ശ്രീകുമാർ<br>കേരളശബ്ദം<br>[15-31 ആഗസ്റ്റ് 2019] | 32-33 |
| | <u>**LEGISLATIVE BUSINESS**</u> | |
| | Resume of Business- The First Session of the Seventeenth Lok Sabha | 34-44 |



## നടപ്പാക്കേണ്ടതല്ലേ ഗാഡ്ഗിൽ നിർദേശങ്ങൾ

### സതീശ് സൂര്യൻ

മഹാരാഷ്ട്രയിൽ പശ്ചിമഘട്ടമേഖല തുടങ്ങുന്നതു മുതൽ കേരളം, കർണാടകം, തമിഴ്നാട്, ഗോവ, മഹാരാഷ്ട്ര എന്നീ പ്രദേശങ്ങളെ ഉൾക്കൊള്ളുന്ന, 1490 കിലോമീറ്റർ ദൈർഘ്യവും 129037 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവുമുള്ള പ്രദേശത്തെ പാരിസ്ഥിതിക നിലകളേയും മനുഷ്യജീവിതത്തേയും പരിഗണിച്ചു തയ്യാറാക്കിയതാണ് വെസ്റ്റേൺ ഘട്ട് ഇക്കോളജി എക്സ്പെർട്ട് പാനൽ എന്ന ശരിപ്പേരുള്ളതും മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിൽ നിരവധി വിദഗ്ധർ ചേർന്നു തയ്യാറാക്കിയതുമായ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച ഈ കമ്മിറ്റിയുടെ റിപ്പോർട്ടിനെച്ചൊല്ലി നമ്മുടെ നാടിനെ അടിക്കടി ഗ്രസിക്കുന്ന പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ നിരവധി തവണ സംവാദങ്ങൾ ഇതിനകം ഉണ്ടായിട്ടുണ്ട്. അപ്രായോഗികവും യാഥാർത്ഥ്യ ബോധമില്ലാത്തതും അമിതമായ പാരിസ്ഥിതികപ്രേമം പ്രകടിപ്പിക്കുന്നതു മൊക്കെയെന്നു വിമർശകർ വിലയിരുത്തുന്ന ഈ റിപ്പോർട്ട് എന്തുകൊണ്ടാണ് വീണ്ടും വീണ്ടും ചർച്ച ചെയ്യപ്പെടുന്നത്? ഇങ്ങനെ വീണ്ടും ഇതു ചർച്ചചെയ്യപ്പെടുന്നതിനു പിറകിൽ അതിനെ എതിർക്കുന്നവർ ഉന്നയിക്കുന്നതുപോലെ ഏതെങ്കിലും രാഷ്ട്രീയ-സാമുദായിക താല്പര്യങ്ങൾ ഒളിച്ചിരിക്കുന്നുണ്ടോ?

2018-ലുണ്ടായതും പ്രകൃതി ഈ വർഷം അലംഘനീയമായ ഒരാചാരം പോലെ ആവർത്തിച്ചതും ഇനിയുള്ളകാലം ആവർത്തിക്കപ്പെടുമെന്നു നമുക്കു പ്രതീക്ഷിക്കാവുന്നതുമായ പ്രകൃതിക്ഷോഭങ്ങൾ നമ്മളിൽ പാരിസ്ഥിതികമായ ഉത്കണ്ഠകൾ ഉയർത്തുന്നുണ്ടെന്നുള്ളത് എന്തായാലും യാഥാർത്ഥ്യമാണ്. അതു കേവലം കാല്പനികമായ നമ്മുടെ പ്രകൃതിസ്നേഹത്തിൽ നിന്നുണ്ടായതല്ല മറിച്ച് മനുഷ്യരെന്ന നിലയിൽ നമ്മുടെ നിലനിൽപ്പും ദുരന്തങ്ങളെ തുടർന്ന് അപകടത്തിലാകുന്ന നമ്മുടെ സമ്പദ്വ്യവസ്ഥയും ഉയർത്തുന്ന ചിന്തകളിൽ നിന്നുണ്ടാകുന്നതാണ്. കഴിഞ്ഞവർഷം കരകവിഞ്ഞും വഴിമാറിയുമൊഴുകിയ നദികളും ജലാശയങ്ങളുമാണ് കൂടുതൽ ദുരന്തങ്ങൾ വിതച്ചെങ്കിൽ ഇത്തവണ കൂമ്പാരം കൂട്ടിയ മലർപ്പൊടി കണക്കേ ഇടിഞ്ഞുതീർന്ന



കുന്നുകളും മലകളുമാണ് മനുഷ്യജീവനും സ്വത്തിനും കൂടുതൽ നാശനഷ്ടങ്ങൾ വരുത്തിയത്.

ഇക്കൊല്ലം ആഗസ്റ്റ് എട്ടുമുതൽ പത്തുവരെയുള്ള മൂന്നുദിവസങ്ങളിൽ കേരളത്തിൽ പെയ്തത് ദീർഘകാലശരാശരിയിൽനിന്നു പത്തിരട്ടിവരെ കൂടുതൽ മഴയാണ്. മഹാപ്രളയമുണ്ടായ 2018 ഓഗസ്റ്റിൽ ഇതേ ദിവസങ്ങളിൽ പെയ്തതിനേക്കാൾ പലമടങ്ങ്. ഈ വർഷം വേനൽമഴയാകട്ടെ, നന്നേ കുറവായിരുന്നു. കാലവർഷം കനക്കാറുള്ള ജൂൺ, ജൂലൈ മാസങ്ങളിൽ മഴ കുറഞ്ഞത് പലയിടങ്ങളിലും വരൾച്ചയ്ക്കും വഴിവച്ചു. പക്ഷേ, മൂന്നോ നാലോ ദിവസങ്ങളിൽ പെയ്ത മഴ, മുൻദിവസങ്ങളിലുണ്ടായ മഴക്കുറവ് നികത്താൻ പോരുന്ന തരത്തിലായി.

ഒട്ടേറെ ദിവസങ്ങളിലായി പെയ്യേണ്ട മഴ, കനത്ത നാശനഷ്ടങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഏതാനും ദിവസത്തേയ്ക്കായി ചുരുങ്ങുന്നുവെന്നതിന്റെ സൂചനയാണ് കാലാവസ്ഥാ നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നത്. അതായത് മഴയുടെ പാറ്റേണിൽ വ്യത്യാസം വന്നിരുക്കുന്നുവെന്ന് അർത്ഥം. ഇടിയോടുകൂടിയ മഴ ആഗസ്റ്റ് മാസത്തിൽ നമ്മുടെ നാട്ടിൽ പതിവില്ല. ക്യൂമുലോ നിംബസ് മേഘങ്ങൾ-മഴക്കൂമ്പാരമേഘങ്ങൾ-സമൃദ്ധമായുള്ള വേനൽമഴയുടെ കാലത്തും ഇടവപ്പാതിയുടെ തുടക്കത്തിലും തുലാവർഷക്കാലത്തുമാണ് ഇടിയും മിന്നലും ഉണ്ടാകാറുള്ളത്. എന്നാൽ, ഈ ഓഗസ്റ്റിലുണ്ടായ മഴ പലയിടങ്ങളിലും ഇടിയുടെ അകമ്പടിയോടുകൂടിയായിരുന്നു എന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളിലെ മഴയുടെ സ്വഭാവം കണക്കിലെടുക്കുമ്പോൾ മഴയുടെ പാറ്റേണിൽ വ്യതിയാനം വന്നു എന്നുവേണം കരുതാൻ. ഇതാകട്ടെ, ആഗോളതലത്തിലുള്ള കാലാവസ്ഥാ വ്യതിയാനത്തിന്റെ സൃഷ്ടിയാണ്. ആഗോളതാപനം ശാസ്ത്രലോകം സ്ഥിരീകരിച്ച ഒരു വസ്തുതയാണ്. അതുകൊണ്ട് കാലാവസ്ഥാ വ്യതിയാനമാണ് മഴയ്ക്കും മഴ വിതച്ച നാശത്തിനും വഴിവച്ചതെന്നു വിലയിരുത്താൻ എളുപ്പമുണ്ട്. അപ്പോൾ ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും ആഗോളമായ ഒരു പശ്ചാത്തലത്തിൽ ഉരുവംകൊള്ളുന്ന ഭൗമരാഷ്ട്രീയമുയർത്തി പ്രതിരോധിക്കേണ്ടുന്ന ഒന്നാണെന്നു വരുന്നു.



ആഗോളമായ പാരിസ്ഥിതിക തകർച്ചയിൽ വികസിത രാഷ്ട്രങ്ങളുടെ പങ്കു കണക്കിലെടുക്കുമ്പോൾ നമ്മുടെ പശ്ചിമഘട്ടത്തിലെ ക്വാറികളും ഇടനാടൻ കുന്നുകളുടെ മരണവും നികത്തിയെടുക്കപ്പെടുന്ന തണ്ണീർത്തടങ്ങളും ചതുപ്പുനിലങ്ങളും കണ്ടുകണ്ടിരിക്കേ അങ്ങനെയൊരുനാൾ ഇല്ലാതാകുന്ന വയൽപ്പച്ചകളും കാവുകളും കാടുകളും പുഴപുറമ്പോക്ക് കയ്യേറി അഹങ്കാരത്തോടെ തലയുയർത്തിപ്പിടിച്ചു നിൽക്കുന്ന റിവർഫ്രണ്ട് ഫ്ളാറ്റുകളും അപ്പാർട്ടുമെന്റുകളും നീരൊഴുക്ക് തടസ്സപ്പെടുത്തി ജലാശയങ്ങളിൽ വന്നടിയുന്ന പ്ലാസ്റ്റിക് മാലിന്യവും മറ്റുമൊന്നും ഒരു പ്രശ്നമേ അല്ലെന്നു വരുന്നു. “നാം നേരിടുന്ന മിക്ക പ്രശ്നങ്ങളും വ്യവസ്ഥാപരമാണ്. അതുകൊണ്ട് വ്യവസ്ഥ മാറുമ്പോൾ എല്ലാം മാറും” എന്ന യാന്ത്രിക ഇടതുപക്ഷന്യായം ആവർത്തിക്കുന്നതുപോലെ എല്ലാ പ്രകൃതിദുരന്തങ്ങളും ആഗോളതാപനത്തിന്റെ ഫലമായാണ്. അതുകൊണ്ട് വികസിത രാഷ്ട്രങ്ങൾ തിരുത്താൻ തയ്യാറായാലേ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുകയുള്ളൂ എന്നൊരൊറ്റ ന്യായത്തിൽ നമുക്കിപ്പോൾ പ്രകൃതിയുടെമേൽ പ്രാദേശികമായി നാം നടത്തുന്ന എല്ലാ കയ്യേറ്റങ്ങളേയും മറച്ചുപിടിക്കാനാകുന്നുണ്ട്.

പ്രകൃതിക്ഷോഭങ്ങൾ സ്വാഭാവികമാണെന്നും സംസ്കാരങ്ങളെവരെ അതു പലപ്പോഴും തേച്ചുമായ്ചു കളഞ്ഞിട്ടുണ്ടെന്നും അങ്ങനെ നിരവധി പ്രകൃതിക്ഷോഭങ്ങളുടെ സൃഷ്ടിയാണ് കേരളമെന്ന ഭൂപ്രദേശത്തിന്റെ മിക്ക ഭാഗങ്ങളുമെന്നും ചരിത്രബോധമുള്ളവർ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. 1341-ൽ ഒരു വെള്ളപ്പൊക്ക കാലത്ത് രൂപപ്പെട്ട കൊച്ചി തുറമുഖവും വൈപ്പിൻപോലുള്ള പ്രദേശങ്ങളും ഇപ്പോൾ ഇടനാടിനോട് ചേർന്ന് കിടക്കുന്ന നിരണം പോലുള്ള പ്രദേശങ്ങളും പഴയ വെള്ളപ്പൊക്കക്കാലങ്ങളും മാറി മാറി വന്ന നാടിന്റെ ഭൂപടങ്ങളും നാടിന്റെ ജീവിതം രൂപപ്പെടുത്തിയതിൽ പ്രകൃതിക്ഷോഭങ്ങൾക്കുള്ള പങ്ക് എടുത്തുകാട്ടുന്നുണ്ട്.

പ്രശസ്ത സെസ്മോളജിസ്റ്റ് ലൂസി ജോൺസ് എഴുതിയ ‘ദ ബിഗ് വൺസ്’എന്ന പുസ്തകം വിവരിക്കുന്നത് ഇത്തരത്തിൽ പ്രകൃതിദുരന്തങ്ങളുടെ ചരിത്രവും പ്രകൃതിദുരന്തങ്ങൾ എങ്ങനെയാണ് മനുഷ്യചരിത്രത്തെ രൂപപ്പെടു



ത്തിയത് എന്നുമാണ്. അത്രയൊന്നും ഭദ്രമല്ലാത്ത പ്രദേശങ്ങളിൽ ജനസംഖ്യാ വർധനയുണ്ടാകുന്നതിന്റെയും താപനില വർദ്ധിക്കുന്നതിന്റേയും പശ്ചാത്തലത്തിൽ പ്രകൃതിക്ഷോഭങ്ങളുടെ പ്രത്യാഘാതം ഏറെ വലുതാണ്. ലൂസി ജോൺസ് ചൂണ്ടിക്കാട്ടിയതുപോലെ പ്രകൃതിക്ഷോഭങ്ങൾക്ക് എളുപ്പം വശംവദമാകാവുന്ന ഭദ്രമല്ലാത്ത ഒരു മേഖലയായി കേരളത്തേയും കരുതേണ്ടതുണ്ട് എന്നാണ് സമീപകാല അനുഭവങ്ങൾ തെളിയിക്കുന്നത്.

കേരളത്തിലും മറ്റു ചില പടിഞ്ഞാറൻ ഇന്ത്യൻ സംസ്ഥാനങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന പശ്ചിമഘട്ടമേഖലയിൽ ഏറെക്കാലം മുൻപു നടന്ന പ്രകൃതി ക്ഷോഭങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പശ്ചിമഘട്ടത്തിലെ പാറക്കെട്ടുകളും നിബിഡവനങ്ങളും വെള്ളത്തിൽ ഒലിച്ചുപോകുന്ന പാതകളും മനുഷ്യസഞ്ചാരത്തേയും വിനിമയസംവിധാനങ്ങളേയും പഴയകാലം മുൻപേ തന്നെ തടസ്സപ്പെടുത്തിയിരുന്നതായി നമുക്കറിവുണ്ട്. ഇവ മറികടന്ന് എളുപ്പം എത്തിച്ചേരാനാകില്ല എന്ന ആനുകൂല്യം മുതലെടുത്താണ് ശിവജി തന്റെ മറാത്താ സാമ്രാജ്യം സൃഷ്ടിച്ചതെന്ന് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽത്തന്നെ പരാമർശിക്കുന്നുണ്ട്. ഭൂപടങ്ങളും അവയുടെ പ്രകൃതിദത്ത അതിരുകളും ക്ഷണത്തിൽ മാറ്റിവരയ്ക്കുകയും പുതിയ ദ്വീപുകളും പുഴകളും സമുദ്രതീരങ്ങളും എളുപ്പത്തിൽ വരച്ചുചേർക്കുകയും ചെയ്യുന്ന പ്രകൃതിയുടെ കലാവൈഭവം ചൂണ്ടിക്കാട്ടി “ഇതൊക്കെ മുൻകാലങ്ങളിൽ നടന്നിട്ടുണ്ട്. ഇപ്പോൾ നടക്കുന്നു. ഇനിയും നടക്കാം. എന്തുചെയ്യാം, മനുഷ്യൻ നിസ്സഹായനാണ്” എന്ന വിധിവാദം ഉയർത്തുകയും വകതിരിവില്ലാത്ത പ്രകൃതിചൂഷണം മൂലമാണ് സ്ഥിതിഗതികൾ ഗുരുതരമാകുന്നത് എന്ന വസ്തുത മറച്ചുപിടിക്കുകയും ചെയ്യുന്നുണ്ട് ഇനിയും മറ്റുചിലർ.

**ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പവിത്രത**

കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിൽ, വിശേഷിച്ചും പശ്ചിമഘട്ട മേഖലയിലെ കുടിയേറ്റ കർഷക സമൂഹങ്ങളിൽ ചൂടുപിടിച്ച രാഷ്ട്രീയ ചർച്ചകൾക്കും കോലാഹലങ്ങൾക്കും വഴിവെച്ച ഒന്നാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്. വോട്ടുബാങ്ക് മുൻനിർത്തി സി.പി.ഐ.(എം) അടക്കമുള്ള രാഷ്ട്രീയ പാർട്ടികളും സ്ഥാവരജംഗമങ്ങളുടെ നഷ്ടം ഭയന്ന മതാധികാരികളും റിപ്പോർട്ട്



നടപ്പാകാതിരിക്കാൻ വലിയ പ്രക്ഷോഭങ്ങളാണ് മേഖലയിൽ അഴിച്ചുവിട്ടത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കണമെന്ന് പ്രമുഖ രാഷ്ട്രീയ കക്ഷികളിൽ ബി.ജെ.പി. മാത്രമാണ് ആവശ്യമുന്നയിച്ചത്. ഇതു സംബന്ധിച്ച ആ കക്ഷിയുടെ രാഷ്ട്രീയ ജാർഗണുകളിൽ പരിസ്ഥിതിയുടെയും മനുഷ്യജീവിതത്തിന്റെയും സംരക്ഷണം എന്നതിനേക്കാളുപരി ക്രിസ്ത്യാനികളുടെ ഭൂമികയ്യേറ്റം, കുരിശുകൃഷി തുടങ്ങിയ കാര്യങ്ങളായിരുന്നു, മതവിദ്വേഷമായിരുന്നു പത്തിവിടർത്തി നിന്നത്. ആ പാർട്ടിയുടെ ഭരണം വന്നു പൊയ്ക്കൊണ്ടിരിക്കുന്ന സംസ്ഥാനങ്ങളിലൊന്നും ഈ റിപ്പോർട്ട് നടപ്പാക്കുന്നതു പോയിട്ട് പരിസ്ഥിതി സംരക്ഷണത്തിന്റെ ദിശയിൽ ഒരു മുന്നേറ്റവും നടത്താൻ തയ്യാറായിട്ടില്ലെന്നതാണ് വാസ്തവം.

വോട്ടുബാങ്കുകളിലെ ഉരുൾപൊട്ടൽ ഭയക്കുന്ന രാഷ്ട്രീയ കക്ഷികൾ, പശ്ചിമഘട്ട മേഖലയിലെ പ്രകൃതിസമ്പത്ത് ചൂഷണം ചെയ്യാൻ ആർത്തിപൂണ്ടു നടക്കുന്ന സ്ഥാപിത താല്പര്യക്കാർ, മതസാമുദായിക ശക്തികൾ, തങ്ങളുടെ വാസസ്ഥലവും കൃഷിയിടവും നഷ്ടപ്പെടുമോ എന്ന ആശങ്കപൂണ്ട കുടിയേറ്റ കർഷകർ, ഗാഡ്ഗിൽ റിപ്പോർട്ടിനെ വിശുദ്ധഗ്രന്ഥത്തിന്റെ പവിത്രതയോടെ സമീപിക്കുന്ന ബുദ്ധിജീവികളും പരിസ്ഥിതി പ്രവർത്തകരും തുടങ്ങിയവരായിരുന്നു അക്കാലത്ത് മലയോര മേഖലയിൽ അരങ്ങേറിയ നാടകങ്ങളിലെ മുഖ്യകഥാപാത്രങ്ങൾ. സംഘടിക്കാനും സമരം ചെയ്യാനും ജനാധിപത്യം നൽകുന്ന ഔദാര്യം എങ്ങനെയാണ് മനുഷ്യവിരുദ്ധമായി പ്രയോഗിക്കപ്പെടുക എന്നതിന് ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെതിരെ നടന്ന സമരം തൊട്ട് നിരവധി ഉദാഹരണങ്ങളുണ്ട്. നമ്മുടെ രാഷ്ട്രീയ വിദ്യാർത്ഥികൾക്ക് അത്തരം ഉദാഹരണങ്ങളിൽ ചൂണ്ടിക്കാണിക്കാനാകുന്ന പ്രമുഖമായ മറ്റൊരു കുപ്രസിദ്ധ സമരമായി ഗാഡ്ഗിൽ റിപ്പോർട്ടിനെച്ചൊല്ലി മലയോര മേഖലയിലുണ്ടായ പ്രക്ഷോഭങ്ങൾ.

മൺസൂൺ ഇപ്പോഴും കേരളത്തിൽ പിൻവാങ്ങിയിട്ടില്ല. നാം വിശ്വസിക്കുന്നത് ഇത്തവണ സംഭവിക്കാവുന്ന ഏറ്റവും മോശപ്പെട്ട ഒരു സ്ഥിതിവിശേഷത്തെ, ഭയാനകമായ ഒരു പ്രകൃതിദുരന്തത്തെ നമ്മൾ പിന്നിട്ടുകഴിഞ്ഞുവെന്നാണ്.

FOCUS



എന്നാൽ, പ്രകൃതിക്ഷോഭങ്ങൾ എപ്പോൾ വേണമെങ്കിലും ഉണ്ടാകാം. ഒരു സ്വയംകൃതാനർത്ഥമെന്ന നിലയിൽ ഇനിയും എപ്പോൾ വേണമെങ്കിലും നാശനഷ്ടങ്ങൾ വിതച്ചുകൊണ്ട് പ്രകൃതിദുരന്തമാകാം. പുത്തുമലയിലും കവളപ്പാറയിലും നാശനഷ്ടങ്ങൾ ഉണ്ടാക്കിയതും മറ്റുപലമേഖലകളിലും ഭീഷണി ഉയർത്തുന്നതുമായ ഉരുൾപൊട്ടലുകൾക്ക് എണ്ണത്തിൽ പെരുകിവരുന്ന ക്വാറികൾക്കും അതിരുകടന്ന പ്രകൃതിചൂഷണത്തിനും ഒരു പങ്കുമില്ലെന്ന വാദം അപ്പോഴും ഒരു വലിയ വിഭാഗം ആളുകൾ ആവർത്തിച്ചേക്കാം. തീർച്ചയായും ഇത്തരം വികസന മൗലികവാദത്തിനും ഗാഡ്ഗിൽ റിപ്പോർട്ടിന്റെ അന്തസ്സത്ത മനസ്സിലാകാതെ, തങ്ങളുന്നയിക്കുന്ന തരം പരിസ്ഥിതി മൗലികവാദമാണ് അതിലുള്ളടങ്ങിയിരിക്കുന്നതെന്ന വിശ്വാസത്താൽ അതേച്ചൊല്ലി ബഹളം വെയ്ക്കുന്ന പരിസ്ഥിതി മൗലികവാദത്തിനും ഒരു ബദൽ എന്ന നിലയിൽ ഗാഡ്ഗിൽ നയിച്ച വെസ്റ്റേൺ ഘട്ട് ഇക്കോളജി എക്സ്പെർട്ട് പാനൽ റിപ്പോർട്ടിനു വലിയ പ്രസക്തിയുണ്ട്. എന്തുകൊണ്ടാണ് ഗാഡ്ഗിൽ റിപ്പോർട്ട് പ്രസക്തമാകുന്നത്? ഒന്നാമത്തെ കാരണം പാരിസ്ഥിതിക മേഖലയിൽ ദിശാബോധത്തോടുകൂടിയ ധൈഷണികമായ ഒരു ഇടപെടൽ ആകുന്നു ആ റിപ്പോർട്ട് എന്നതാണ്. ഉപഭോഗാധിഷ്ഠിതവും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതുമായ സാമ്പത്തികവളർച്ചയ്ക്ക് പ്രാമുഖ്യം കല്പിക്കുന്ന നവലിബറൽ സമ്പദ്വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ മനുഷ്യനെ ഒഴിച്ചുനിർത്താത്ത പരിസ്ഥിതി രാഷ്ട്രീയം ആ റിപ്പോർട്ട് ഉയർത്തിപ്പിടിക്കുന്നുണ്ട്. "ജനാവബോധം പ്രകൃതിസംരക്ഷണത്തിൽ പ്രാഥമികമായ ഘടകമാണ്. സുശക്തമായ ജനാധിപത്യ സംവിധാനവും സമത്വപൂർണ്ണമായ വ്യവസ്ഥിതിയുമാണ് പ്രകൃതിസംരക്ഷണത്തിന്റെ മൂന്നുപാധികൾ....." 2013 മെയ് മൂന്നിന് സമകാലിക മലയാളത്തിനുവേണ്ടി ഇതേ ലേഖകനു നൽകിയ അഭിമുഖത്തിൽ പ്രതികരിച്ചതിങ്ങനെ. ഗ്രാമസഭകളും അയൽക്കൂട്ടങ്ങളുമൊക്കെ എങ്ങനെയാണ് പരിസ്ഥിതിസംരക്ഷണം നടപ്പാക്കാൻ പോകുന്നത് എന്നു ചോദിച്ച് ഗാഡ്ഗിൽ റിപ്പോർട്ടിന്റെ അപ്രായോഗികതയെ എടുത്തുപറയുകയും അപഹസിക്കുകയും ചെയ്യുന്ന 'പ്രാഗ്മാറ്റിസ്റ്റുകൾ'ക്ക് ഗാഡ്ഗിലിന്റെ സമത്വത്തിലും



ജനാധിപത്യത്തിലുമുള്ള വിശ്വാസം തീർച്ചയായും ദഹിക്കാനിടയില്ല. സമത്വപൂർണ്ണമായ വ്യവസ്ഥയും സുശക്തമായ ജനാധിപത്യ സംവിധാനവും ഉണ്ടാകണമെന്നു വരുന്നതും. അന്ന് അദ്ദേഹം ആ അഭിമുഖത്തിൽ ചൂണ്ടിക്കാണിച്ച മറ്റൊരു വസ്തുത താൻ നയിച്ച പാനൽ സമർപ്പിച്ച റിപ്പോർട്ട് അടഞ്ഞ ഒന്നല്ലെന്നും അർത്ഥവത്തായ ചർച്ചകളിലൂടെ സമഗ്രതയിലേക്കു വികസിപ്പിക്കേണ്ടുന്ന ഒന്നാണെന്നുമാണ്.

റിപ്പോർട്ട് ഒരർത്ഥത്തിൽ അന്തിമമാണെന്നു ഞാൻ പറയില്ല. റിപ്പോർട്ട് ഗ്രാമസഭകൾ തൊട്ട് മുകളിലേക്കു ജനാധിപത്യ സംവിധാനങ്ങളിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കലാണ് അതു നടപ്പാക്കുന്നതിന്റെ ആദ്യപടിയായി ഞങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. അങ്ങനെ വരുമ്പോൾ എതിരഭിപ്രായങ്ങളും വിമർശനങ്ങളും ഉണ്ടാകും. അവകൂടി കണക്കിലെടുത്തുവേണം തുടർ നടപടികളുണ്ടാകാൻ. നിർഭാഗ്യവശാൽ റിപ്പോർട്ട് ജനങ്ങൾക്കിടയിൽ ചർച്ചചെയ്യാൻ ഗവൺമെന്റുകൾ മുൻകൈയെടുക്കുന്നില്ല.." ഗാഡ്ഗിൽ അന്നു ചൂണ്ടിക്കാണിച്ചതിങ്ങനെ. മനുഷ്യനിർമ്മിത മൂലധനം സാമൂഹ്യ-പ്രകൃതിദത്ത മൂലധനത്തിനു ബദലാകുന്നതിനെ റിപ്പോർട്ട് അടച്ചാക്ഷേപിക്കുന്നു എന്നതാണ് റിപ്പോർട്ടിനെതിരെയുള്ള ഒരു ആരോപണം. മനുഷ്യനിർമ്മിത മൂലധനത്തിന്റെ പകരംവയ്പ് നിമിത്തം പ്രകൃതിദത്ത മൂലധനം ഇല്ലായ്മ ചെയ്യപ്പെടുന്നു എന്നതിനെ റിപ്പോർട്ട് വിമർശിക്കുന്നുണ്ട്. പാരിസ്ഥിതിക-സാമൂഹ്യമേഖലകളിൽ അതുണ്ടാക്കുന്ന പ്രത്യാഘാതം കൃത്യമായും റിപ്പോർട്ട് അളന്നെടുക്കുന്നുമുണ്ട്. അതേസമയം മനുഷ്യനിർമ്മിത മൂലധനത്തിന്റെ വർദ്ധന നിമിത്തം മലയോരവാസികൾ മികച്ച സാക്ഷരതയും പാരിസ്ഥിതികാവബോധവും കൈവരിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് നിരീക്ഷിക്കുന്നുണ്ട്. ശക്തമായ ജനാധിപത്യസ്ഥാപനങ്ങളുള്ള കേരളത്തിലാണ് ഈ പ്രദേശങ്ങളെന്നതും ഒരു അനുകൂലഘടകമായി കണക്കാക്കുന്നു.

"ഒരു മീൻപിടിത്തക്കാരനോ, ചെറുകിട കർഷകനോ ഉള്ള താല്പര്യങ്ങളോ അല്ല വലിയൊരു വ്യവസായം നടത്തിക്കൊണ്ടുപോകുന്ന ഒരു വ്യക്തിക്കോ ഗ്രൂപ്പിനോ ഉള്ളത്. മീൻപിടിത്തം, കാർഷികവേല, വ്യവസായങ്ങൾ ഇവയൊക്കെ നടത്തിക്കൊണ്ടുപോകുന്നവർക്ക് അത് അവർക്കും അവരെ ചുറ്റിപ്പറ്റി



നിൽക്കുന്നവർക്കും ഉപജീവനമാർഗ്ഗമാണ്. പ്രകൃതിയുടേയും പരിസ്ഥിതിയുടേയും നാശം മൂലം അത് എന്നെന്നേയ്ക്കുമായി അടഞ്ഞുപോകാൻ അവർ ആഗ്രഹിക്കുകയില്ല". 2013-ൽ അനുവദിച്ച അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞതിങ്ങനെ. കർഷകനേയും ആദിവാസികളേയും ഒഴിച്ചുനിർത്തിക്കൊണ്ടുള്ള ഒരു പരിസ്ഥിതി സംരക്ഷണം സാധ്യമല്ലെന്ന് ഗാഡ്ഗിൽ എല്ലായ്പ്പോഴും അടിവരയിട്ടു പറഞ്ഞിട്ടുണ്ട്. ആദിവാസികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്ന നിയമങ്ങളെ ലംഘിച്ചാണ് പലപ്പോഴും പശ്ചിമഘട്ടമേഖലയിൽ ഖനനങ്ങൾ നടക്കുന്നത്. നിയമം നടപ്പാക്കേണ്ട സർക്കാരുകളും രാഷ്ട്രീയപ്പാർട്ടികളും വ്യവസായികൾ നിയമം ലംഘിക്കുമ്പോൾ അതിനു കൂട്ടുനിൽക്കുകയാണ്. വേലിതന്നെ വിളവുതിന്നുന്ന അവസ്ഥ. ജനങ്ങളുടെ ഇടപെടൽ തന്നെയാണ് ഇതിനൊരു പോംവഴി." "ഗാഡ്ഗിൽ" വ്യക്തമാക്കുന്നു. ശക്തമായ ത്രിതലപഞ്ചായത്ത് സംവിധാനമുള്ള കേരളത്തിൽ ഇതു താരതമ്യേന അനായാസമാണെന്നും അദ്ദേഹം കരുതുന്നുണ്ട്. റിപ്പോർട്ടിൽ ഉടനീളം പരിസ്ഥിതി സംരക്ഷണത്തിൽ പൊതുസമൂഹത്തിനുള്ള ഉത്തരവാദിത്വത്തിനു ശക്തമായ ഊന്നൽ നൽകുന്നതായും പരിസ്ഥിതി സംരക്ഷണം ഉദ്യോഗസ്ഥതലത്തിലുള്ള നടപടിയായി ഒതുങ്ങരുതെന്ന ശാഠ്യം പുലർത്തുന്നതായും കാണാം.

ഗാഡ്ഗിൽ റിപ്പോർട്ടിൽ ഈ നിലപാട് ശക്തമായി പ്രതിഫലിക്കുന്നതു കാണാം. പശ്ചിമഘട്ട മേഖലയുടെ സംരക്ഷണത്തെ തകർക്കുന്നത് ഉദ്യോഗസ്ഥ മേധാവിത്വമാണെന്ന് അതിന്റെ ജനവിരുദ്ധ സ്വഭാവം വെളിവാക്കിക്കൊണ്ട് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. പരിസ്ഥിതി സംരക്ഷണത്തെ വികസനത്തിൽ നിന്നും വേറിട്ടു കാണുന്ന അവസ്ഥയെ ഗാഡ്ഗിൽ റിപ്പോർട്ട് വിമർശിക്കുന്നു. സംരക്ഷിത മേഖലകളായി ചില പ്രദേശങ്ങളെ പ്രഖ്യാപിക്കുകയും തദ്ദേശവാസികളെ പരിസ്ഥിതി സംരക്ഷണത്തിൽ നിന്ന് ഒഴിവാക്കിനിർത്തുകയും ചെയ്യുന്ന കാഴ്ചപ്പാടിനെ റിപ്പോർട്ട് എതിർക്കുന്നു. വികസനത്തിന്റെ മഹാസമുദ്രത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ കൊച്ചുകൊച്ചു തുരുത്തുകളെന്ന തലതിരിഞ്ഞ നയത്തെ അതു നഖശിഖാന്തം എതിർക്കുന്നു. ഗാഡ്ഗിലിനേയും അദ്ദേഹത്തിനൊപ്പം റിപ്പോർട്ട് തയ്യാറാക്കുന്നതിൽ കൂടെനിന്ന



മറ്റു വിദഗ്ദ്ധരേയും കേവല പരിസ്ഥിതിവാദികളായും പരിസ്ഥിതി മൗലികവാദികളായും ചിത്രീകരിക്കുന്നതിൽ ഒട്ടും കഴമ്പില്ലെന്ന് റിപ്പോർട്ട് വായിക്കുന്നവർക്കു ബോധ്യപ്പെടും.

“സംരക്ഷിതമേഖലകളിൽ ഒരു പുൽച്ചെടിയുടെ ഇലപോലും നീക്കരുതെന്നു വാശിപിടിക്കുന്ന നാം അവയ്ക്കു പുറത്ത് മലിനീകരണ നിയന്ത്രണ നിയമങ്ങൾ പോലും പാലിക്കാൻ തയ്യാറാകാത്തത് തികച്ചും അനുചിതമാണ്. ഇന്നത്തെ അനിയന്ത്രിത വികസനവും തത്ത്വദീക്ഷയില്ലാത്ത പരിസ്ഥിതി സംരക്ഷണവും എന്ന സമീപനത്തിനു പകരം സുസ്ഥിരവികസനവും ശ്രദ്ധാപൂർവ്വമുള്ള പരിസ്ഥിതി സംരക്ഷണവും എന്ന നിലയിലേക്കു നമ്മുടെ വികസനസംരക്ഷണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യപ്പെടണമെന്നാണ്” ഗാഡ്ഗിൽ റിപ്പോർട്ട് നിർദ്ദേശിക്കുന്നത്. ക്വാറിയിംഗ് സംബന്ധിച്ചും മണ്ണൊലിപ്പു സംബന്ധിച്ചുമൊക്കെ ഗാഡ്ഗിൽ സമിതി നടത്തുന്ന നിരീക്ഷണങ്ങളും മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങളും കഴിഞ്ഞ രണ്ടു വർഷമായി ആവർത്തിച്ച പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാചത്തലത്തിൽ ഏറെ പ്രസക്തമാകുന്നുണ്ട്.

പശ്ചിമഘട്ടത്തിന്റെ മുകൾപ്പരപ്പിൽ വെള്ളത്തിനും മണ്ണിനും സംഭവിക്കുന്ന അപചയവും മലിനീകരണവും താഴെത്തട്ടിലേക്ക് ഒഴുകിയെത്തി മധ്യഭൂതലത്തേയും തീരപ്രദേശത്തേയും മലിനമാക്കുന്നു എന്നതാണ്. അതുകൊണ്ട് പരിസ്ഥിതിക്കു നാശകരമായ രീതികൾ അടിയന്തരമായി കുറയ്ക്കുകയും ഒരു സുസ്ഥിരകൃഷി സമീപനത്തിലേക്കു മാറുകയും ചെയ്യുന്നതിനു സഹായകമായ രീതിയിൽ നയപരമായ ഒരു മാറ്റം അനിവാര്യമാണെന്നു റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

ചുരുക്കത്തിൽ തീരദേശ സംരക്ഷണത്തെ ലാക്കാക്കിയ സി.ആർ. ഇസെഡ് നിയമങ്ങൾ ശരിയായ രീതിയിൽ നടപ്പാക്കുന്നതുപോലെയും തണ്ണീർത്തടങ്ങളുടേയും നെൽവയലുകളുടേയും നികത്തൽ തടഞ്ഞുകൊണ്ടും സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുമുള്ള നിയമങ്ങൾ വെള്ളം ചേർക്കാതെ നടപ്പാക്കുന്നതു പോലെയും പ്രധാനമാണ് ഗാഡ്ഗിൽ സമിതി റിപ്പോർട്ടിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് പശ്ചിമഘട്ടത്തിന്റെ സംരക്ഷണം



ഉറപ്പുവരുത്തുക എന്നത്. വികസനത്തേയും പരിസ്ഥിതിയേയും മുഖാമുഖം നിറുത്തി ജനജീവിതത്തേയും പുരോഗതിയേയും തടസ്സപ്പെടുത്തുകയല്ല, മറിച്ച് വികസനത്തേയും പരിസ്ഥിതി സംരക്ഷണത്തേയും പരസ്പരം വേർപെടുത്താനാകാത്ത ഒരു പ്രക്രിയയായി കാണുകയാണ് അതിന്റെ കാതൽ.

**സമകാലിക മലയാളം,**

**26 ആഗസ്റ്റ് 2019.**



# സെക്രട്ടേറിയറ്റ് മന്ദിരം ഒന്നര നൂറ്റാണ്ടിന്റെ പ്രൗഢി

**മലയിൻകീഴ് ഗോപാലകൃഷ്ണൻ**

തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് മലബാർ എന്നിങ്ങനെ കേരളം വേർതിരിഞ്ഞ് കിടന്ന കാലത്താണ് സെക്രട്ടേറിയറ്റ് മന്ദിരം രൂപം കൊണ്ടത്. ഇതിന്റെ ഉദ്ഘാടനം നടക്കുമ്പോൾ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിക്കെതിരായ ആദ്യ സ്വാതന്ത്ര്യ സമരം കഴിഞ്ഞ് 12 വർഷമേ ആയിരുന്നുള്ളൂ. ആ സമരത്തിനുശേഷമാണല്ലോ ഇന്ത്യ പുതിയ പരിഷ്ക്കരണ യുഗത്തിലേക്ക് കടന്നത്. ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനിയുടെ ഭരണം ബ്രിട്ടീഷ് സർക്കാർ ഏറ്റെടുത്തു. വിക്ടോറിയ രാജ്ഞി ഇന്ത്യയുടെ ചക്രവർത്തിനിയായി. ഗവർണർ ജനറലിന്റെ പേര് വൈസ്രോയി (രാജ്ഞിയുടെ പ്രതിനിധി) എന്നാക്കി. ആദ്യത്തെ വൈസ്രോയി ആയി കാനിങ് പ്രഭു 1858-ൽ അധികാരമേറ്റു. അന്നു മുതൽ 1937 വരെയുള്ള കാലഘട്ടത്തെ ഇന്ത്യയുടെ നൂതനയുഗമെന്ന് ചില ചരിത്രകാരൻമാർ വിശേഷിപ്പിച്ചിട്ടുണ്ട്. ഈ സമയത്താണ് ഇംഗ്ലീഷുകാർ നേരിട്ട് ഭരിച്ച പ്രദേശങ്ങളിലും രാജാക്കന്മാർ ഭരിച്ച നാട്ടുരാജ്യങ്ങളിലും കൂടുതൽ പരിവർത്തനങ്ങളും പരിഷ്കാരങ്ങളും ഉണ്ടായത്. അതിന്റെ പ്രതിഫലനം തിരുവിതാംകൂറിലും സംഭവിച്ചതിന്റെ ഫലം കൂടിയാണ് റോമൻ-ഗ്രീക്ക് വാസ്തു ശിൽപ്പശൈലിയിൽ രൂപം കൊണ്ടതും ഇന്നും തിരുവനന്തപുരത്ത് എത്തുന്നവർക്ക് കൗതുകക്കാഴ്ചയായി നിൽക്കുന്നതുമായ കേരള സംസ്ഥാനത്തിന്റെ സെക്രട്ടേറിയറ്റ് എന്ന തൂവെള്ള മന്ദിരം.

**പുത്തൻകച്ചേരി അഥവാ ഹജൂർ കച്ചേരി**

നഗരത്തിലെ പഴമക്കാർക്ക് ഇപ്പോഴും ഇത് പുത്തൻ കച്ചേരി എന്നോ, ഹജൂർ കച്ചേരിയെന്നോ പറഞ്ഞാലേ മനസിലാകൂ. സെക്രട്ടേറിയറ്റ് മന്ദിരത്തിന് എതിർവശത്ത് മൂന്നും കൂടിയ റോഡിൽ ഒരു പൂർണകായ പ്രതിമയുണ്ട്. അത് സെക്രട്ടേറിയറ്റ് പണിയാൻ നേതൃത്വം കൊടുത്ത ദിവാൻ സർ. ടി. മാധവറാവുവിന്റെ (1957-1872) താണ്. ഈ പ്രതിമ ഇവിടെ ഉയർന്നതോടെയാണ് 'സ്റ്റാച്യൂ' എന്ന് ഈ സ്ഥലത്തിന് പേര് ഉണ്ടായത്. കുന്നുകുഴിയിൽ ബാർട്ടൺഹിൽ എന്ന സ്ഥലത്തിനും, ചെങ്കൽച്ചൂളക്കും



സെക്രട്ടേറിയറ്റുമായി ബന്ധമുണ്ട്. സെക്രട്ടേറിയറ്റ് മന്ദിരം രൂപകൽപ്പന ചെയ്ത അന്നത്തെ തിരുവിതാംകൂർ ചീഫ് എൻജിനീയർ വില്ല്യം ബാർട്ടൺ താമസിച്ചിരുന്ന കുന്നാണ് 'ബാർട്ടൺ ഹിൽ' എന്ന് ഇന്ന് അറിയപ്പെടുന്നത്. വിശാലമായിരുന്ന തമ്പാനൂർ ഏലയിൽ നിന്നും മന്ദിരം പണിയാൻ ചെങ്കല്ല് നിർമിക്കുന്നതിനുവേണ്ടി മണ്ണെടുത്ത സ്ഥലമാണ് ഇപ്പോൾ 'ചെങ്കൽച്ചൂള' എന്നറിയപ്പെടുന്നത്. തിരുവനന്തപുരത്തിന്റെ മുഖശ്രീയായ മാറ്റിയ സെക്രട്ടേറിയറ്റ് മന്ദിരത്തിന് രാഷ്ട്രപിതാവ് മഹാത്മഗാന്ധിജിയോളം പ്രായം ഉണ്ട്. ഇതിന്റെ പ്രവർത്തനം തുടങ്ങിയത് ആഗസ്റ്റ് 23 ന് ആണെങ്കിൽ, അതേവർഷം ഒക്ടോബർ രണ്ടിനാണ് ഗാന്ധിജി ജനിച്ചത്. എന്നാൽ ഗാന്ധിജി തെക്കേ ആഫ്രിക്കയിൽ 'ഇന്ത്യൻ ഒപ്പീനിയൻ' എന്ന പത്രത്തിൽ ദിവാൻ സർ.ടി.മാധവറാവുവിനെക്കുറിച്ച് എഴുതിയ ലേഖനത്തിൽ അദ്ദേഹം നിർമ്മിച്ച വലിയ പബ്ലിക്ക് ഓഫീസിനെപ്പറ്റിയും പരാമർശമുണ്ട്.

ആദ്യകാലത്ത് സെക്രട്ടേറിയറ്റ് മന്ദിരത്തെ പബ്ലിക്ക് ഓഫീസെന്നാണ് പറഞ്ഞിരുന്നത്. ചെങ്കല്ലും തടിയും ഇരുമ്പ് ഷീറ്റും കുമ്മായക്കൂട്ടും ഉപയോഗിച്ച് നിർമ്മിച്ച ഈ ചുണ്ണാമ്പ് കെട്ടിടവും അതിന്റെ ക്ലോക്ക് ടവറും മധ്യഭാഗത്തുള്ള ദർബാർ ഹാളും എല്ലാം ഇന്നും മനോഹരമാണ്. എന്നാൽ തെക്കും വടക്കും സിമന്റ് കൊണ്ടുള്ള കെട്ടിടങ്ങൾ ജനാധിപത്യ ഭരണകാലത്ത് നിർമ്മിച്ചവയാണ്.

**തറക്കല്ലിടലും പൂർത്തിയാക്കലും**

തിരുവിതാംകൂറിനും കൊച്ചിക്കും മലബാറിനും ഒരുകാലത്ത് പ്രത്യേകം പ്രത്യേകം ഭരണസിരാകേന്ദ്രങ്ങൾ ഉണ്ടായിരുന്നു. ബ്രിട്ടീഷ് ഭരണം നിലനിന്ന മലബാറിൽ മാനാഞ്ചിറ മൈതാനത്തുണ്ടായിരുന്ന കളക്ടർ ഓഫീസായിരുന്നു ഭരണ സിരാകേന്ദ്രം. കളക്ടർ ആയിരുന്നു അതിലെ പ്രധാന ഭരണാധികാരി. കൊച്ചിയിലും തിരുവിതാംകൂറിലും മഹാരാജാവിന്റെ കീഴിലുള്ള ദിവാൻമാർക്ക് ആയിരുന്നു ഭരണചുമതല. ഹിൽപാലസായിരുന്നു കൊച്ചിയുടെ ഭരണസ്ഥാനം തിരുവിതാംകൂറിന്റെ തലസ്ഥാനം തിരുവനന്തപുരമായിരുന്നുവെങ്കിലും ദിവാൻമാർ ആസ്ഥാനം ഉറപ്പിച്ച സ്ഥലങ്ങളിലായിരുന്നു ഭരണസിരാകേന്ദ്രമായ ഹജൂർ കച്ചേരി



(വലിയ ഭരണാധികാരി ഇരിക്കുന്ന സ്ഥലം എന്ന അർത്ഥത്തിലുള്ള ഹുസൂർ കച്ചേരിയിൽ നിന്നാണ് ഈ വാക്ക് ഉണ്ടായത്) പ്രവർത്തിച്ചിരുന്നത്. അവസാനം കൊല്ലത്തുണ്ടായിരുന്ന ഹജൂർ കച്ചേരി, സ്വാതിതിരുനാൾ മഹാരാജാവാണ് (1829-1846) 1834-ൽ തിരുവനന്തപുരത്തേക്ക് മാറ്റിയത്. കോട്ടയ്ക്കകത്ത് ഇന്ന് ട്രഷറി പ്രവർത്തിക്കുന്ന ഭാഗത്തായിരുന്നു അന്നത്തെ ഹജൂർ കച്ചേരി. ഇവിടെ സ്ഥലപരിമിതി അനുഭവപ്പെട്ടതിനെത്തുടർന്നാണ് പുത്തൻ ചന്തയിലെ ഇപ്പോഴത്തെ സ്ഥലത്തേക്ക് പുതിയ മന്ദിരം പണിയാൻ തീരുമാനിച്ചത്. അതിനുമുമ്പ് സ്വാതിതിരുനാൾ മഹാരാജാവിന്റെ അനുജൻ ഉത്രംതിരുനാൾ മഹാരാജാവ് (1846-1860)ന്റെ കാലത്ത് ഇപ്പോഴത്തെ സെക്രട്ടേറിയറ്റിന്റെ സമീപത്തായി, കൃത്യമായി പറഞ്ഞാൽ പങ്കജ് ഹോട്ടലിന് എതിർവശത്തായി ഒരു ചെറിയ കച്ചേരി നിർമ്മിച്ചിരുന്നു. ഇതിനെ 'ആനകച്ചേരി' എന്നാണ് ആളുകൾ വിളിച്ചിരുന്നത്. ഒരു പക്ഷേ രണ്ടാനകൾ ഉള്ള തിരുവിതാംകൂറിന്റെ ഔദ്യോഗിക ചിഹ്നം അവിടെ ഉണ്ടായിരുന്നതിനാലാകാം അങ്ങിനെ വിളിച്ചിരുന്നത്. ആയില്യം തിരുനാൾ മഹാരാജാവിന്റെ കാലത്താണ് (1860-1880) പുത്തൻ ചന്തയിൽ പുതിയ ഹജൂർ കച്ചേരി അഥവാ പബ്ലിക് ഓഫീസ് വേണമെന്ന് സർക്കാരിന് തോന്നിയത്. മുമ്പ് സൂചിപ്പിച്ചപോലെ ഇന്ത്യയുടെ ഭരണം ബ്രിട്ടീഷ് സർക്കാർ ഏറ്റെടുത്തശേഷം ഭരണത്തിന്റെ എല്ലാ മേഖലകളിലും പുത്തൻ ഉണർവ് ഉണ്ടായ കാലഘട്ടമായി രുന്നു അത്. ഭരണ തന്ത്രജ്ഞനും ക്രാന്തദർശിയുമായ സർ ടി.മാധവറാവു ആയിരുന്നു ദിവാൻ. അദ്ദേഹമാണ് തിരുവിതാംകൂറിനെ ആധുനികതയിലേക്ക് നയിച്ച പ്രധാന ദിവാൻ. കോട്ടയ്ക്കകത്ത് മാത്രം ഒതുങ്ങിനിന്നിരുന്ന അനന്തപുരിയെ വികസിപ്പിച്ചത് സർ.ടി. മാധവറാവു ആയിരുന്നു. ഇതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളും പള്ളിക്കൂടങ്ങളും നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ വേണമെന്ന് അദ്ദേഹം തീരുമാനിച്ചു. നഗരത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കുന്നുകളിൽ മന്ദിരങ്ങൾ നിർമ്മിച്ച് അവിടെ താമസമാക്കാൻ അദ്ദേഹം ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു. പൊതുമരാമത്ത് വകുപ്പിൽ വില്യം ബാർട്ടൺ (1863-1870) എന്ന ഇംഗ്ലീഷ്കാരനെ ചീഫ് എൻജിനീയറാക്കി. അദ്ദേഹം തലസ്ഥാനമായ തിരുവനന്തപുരത്തെ, സംസ്ഥാനത്തെ എല്ലാ ഭാഗങ്ങളുമായി



റോഡുകളോ തോടുകളോ ആയി ബന്ധിപ്പിക്കാനും പാലങ്ങളും പുതിയ കെട്ടിടങ്ങളും പണിയാനും നടപടി സ്വീകരിച്ചു. വർക്കല തുരങ്കം നിർമ്മിച്ച് അനന്തപുരിയിലെ ജലഗതാഗതം സുഗമമാക്കി. തിരുവനന്തപുരത്ത് മഹാരാജാസ് കോളേജ് മന്ദിരം, സിവിൽ ആശുപത്രി (ജനറൽ ആശുപത്രി), മ്യൂസിയത്തെ പബ്ലിക് ഗാർഡൻ തുടങ്ങിയവയെല്ലാം ഈ കാലത്തിന്റെ സംഭാവനയായിരുന്നു. പബ്ലിക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ സർ.ടി.മാധവറാവു, വില്ല്യം ബാർട്ടനോട് നിർദ്ദേശിച്ചു. എന്നാൽ കോട്ടക്കകത്തു നിന്ന് ഹജൂർ കച്ചേരി പുറത്തേക്ക് മാറ്റുന്നതിനെ ചിലർ എതിർത്തു. മഹാരാജാവ് ആയില്യം തിരുനാൾ പുതിയ മന്ദിരം തീർക്കാൻ അനുവാദം നൽകിയതോടെ വില്ല്യം ബാർട്ടൺ അതിനു പറ്റിയ സ്ഥലം അന്വേഷിക്കാൻ തുടങ്ങി. അങ്ങനെയാണ് പുത്തൻ ചന്തയിലുള്ള സ്ഥലം കണ്ടെത്തിയത്. അവിടെയുള്ള പട്ടാള ബാരക്കുകൾ പൊളിച്ചുമാറ്റിയാണ് പുതിയ മന്ദിരത്തിന് കളം ഒരുക്കിയത്, അതോടെ പട്ടാളം (നായർ ബ്രിഗേഡ്) വീണ്ടും പാളയത്തേക്ക് മാറ്റി.

1,70,000 (ഒരു ലക്ഷത്തി എഴുപതിനായിരം) രൂപയായിരുന്നു പുതിയ മന്ദിരത്തിന്റെ ആദ്യ എസ്റ്റിമേറ്റ്. 1865 ഡിസംബർ ഏഴിന് ഉത്സവ പ്രതീതി സൃഷ്ടിച്ചാണ് പുത്തൻകച്ചേരി (പബ്ലിക് ഓഫീസ്, ഹജൂർ കച്ചേരി) യുടെ ശിലാസ്ഥാപനം ആയില്ല്യം തിരുനാൾ മഹാരാജാവ് നിർവ്വഹിച്ചത്. ഈ മന്ദിരത്തിലിരുന്ന് ഈ രാജ്യത്തെ കാര്യങ്ങൾ നിർവ്വഹിക്കുന്ന വരെ സർവശക്തനായ ദൈവം സഹായിക്കട്ടെ എന്ന് പ്രാർഥിച്ചുകൊണ്ടായിരുന്നു ശിലാസ്ഥാപന കർമ്മം മഹാരാജാവ് നടത്തിയത്. ഇതിന്റെ പണിക്കുള്ള ആവിയന്ത്രം ഉൾപ്പെടെ പലതും വില്ല്യം ബാർട്ടൺ ഇംഗ്ലണ്ടിൽ നിന്നും വരുത്തിയിരുന്നു. ഇതിന്റെ നിർമ്മാണം കാണാൻ മദ്രാസ് ഗവർണർ നേപ്പിയർ പ്രഭു, കൊച്ചി മഹാരാജാവ് ഉൾപ്പെടെ കേരളത്തിനകത്തും പുറത്തുനിന്ന് പലരും എത്തിയിരുന്നു. എന്നാൽ വിദേശ വാസ്തു ശില്പരീതിയിലുള്ള കെട്ടിടത്തിന് പകരം കേരള ശൈലി വേണമെന്നായിരുന്നു നേപ്പിയർ പ്രഭുവിന്റെ അഭിപ്രായം ഇത് കണക്കിലെടുത്താണ് പിൽക്കാലത്ത് മ്യൂസിയം കെട്ടിടം കേരള ശൈലിയിൽ നിർമ്മിക്കാനും അതിന് നേപ്പിയറിന്റെ പേര് നൽകാനും ആയില്ല്യം തിരുനാൾ



തയ്യാറായത്, പുതിയ പബ്ലിക്കാഫീസിന്റെ നിർമ്മാണവും ആവിയന്ത്രവും കാണാൻ നഗരത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ധാരാളം ആളുകൾ ദിവസവും നഗരത്തിലെത്തിക്കൊണ്ടിരുന്നു. വൃത്താകൃതിയിലുള്ള ഉയർന്ന തൂണുകളും, വലിയ വാതായനങ്ങളും ജനാലകളും, മണിമേടയും, നടുവിലുള്ള ഡർബാർ ഹാളും എല്ലാം ഉള്ള ഈ തൂവെള്ള മന്ദിരം അനന്തപുരിയുടെ ശോഭ വർധിപ്പിച്ചു. 1869 ആഗസ്റ്റ് 23 ന് ഇതിൽ ഓഫീസുകൾ പ്രവർത്തിച്ചു തുടങ്ങി. നഗരത്തിൽ പല സ്ഥലത്തായി പ്രവർത്തിച്ചിരുന്ന ഓഫീസുകളെല്ലാം ഇതോടെ ഒരു കുട കീഴിലായി. ഈ മന്ദിരത്തിൽ ആദ്യം ആസ്ഥാനം ഉറപ്പിച്ച ദിവാനും സർ.ടി. മാധവറാവു ആയിരുന്നു. ആദ്യകാലത്ത് സെക്രട്ടേറിയറ്റ് മന്ദിരത്തിൽ തന്നെയാണ് ഹൈക്കോടതി, അക്കൗണ്ട് ജനറൽ ഓഫീസ്, ഇൻഷ്വറൻസ് ഓഫീസ്, സ്റ്റേഷനറി ഓഫീസ് തുടങ്ങിയവ പ്രവർത്തിച്ചിരുന്നത്. പിൽക്കാലത്ത് ഈ കെട്ടിടത്തിന്റെ രൂപഭംഗിക്ക് കുറവ് വരാത്ത രീതിയിലാണ് വടക്കേ അറ്റത്ത് കിഴക്കോട്ട് ദിവാൻ സർ. സി.പി. രാമസ്വാമി അയ്യർ, നിയമസഭാമന്ദിരം പണിയാൻ നിർദ്ദേശിച്ചത്. ഗവർണർ ജനറൽ വെല്ലിംങ്ടൺ പ്രഭുവായിരുന്നു ഇതിന് 1933-ൽ തറക്കല്ലിട്ടത്. ഇവിടെയായിരുന്നു തിരുവിതാംകൂറിന്റെയും, തിരു-കൊച്ചിയുടേയും ഐക്യ കേരളത്തിന്റേയും അസംബ്ലികൾ നടന്നിരുന്നത്. ഈ നിയമസഭാ മന്ദിര സമുച്ചയമാണ് ഇപ്പോൾ പാളയത്തേക്ക് മാറ്റിയത്. സ്വാതന്ത്ര്യത്തിനുശേഷം സ്ഥലപരിമിതി കണക്കിലെടുത്ത് സെക്രട്ടേറിയറ്റിന്റെ തെക്കും വടക്കും സിമെന്റിൽ പുതിയ മന്ദിരങ്ങൾ തീർക്കേണ്ടിവന്നു. തെക്കേ ബ്ലോക്ക് 1961 ആഗസ്റ്റ് 18 ന് പട്ടം താണുപിള്ള മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് പൂർത്തിയായത്. നോർത്ത്-സൗത്ത് സാൻഡ് വിച്ച് ബ്ലോക്കിന്റെ ഉദ്ഘാടനം 1974 - ജനുവരി 26 ന് മുഖ്യമന്ത്രി സി. അച്ചുതമേനോൻ നിർവ്വഹിച്ചു. വടക്കേ ബ്ലോക്കിന് തറക്കല്ലിട്ടത്1979 എപ്രിൽ 19 ന് മുഖ്യമന്ത്രി പി.കെ വാസുദേവൻ നായരാണ്. 1982 ഫെബ്രുവരി 11 ന് മുഖ്യമന്ത്രി കെ. കരുണാകരൻ ഇത് ഉദ്ഘാടനം ചെയ്തു.

**ചരിത്രത്തിന്റെ സാക്ഷി**

ബ്രിട്ടീഷ് ഭരണവും രാജഭരണവും എന്നെന്നേക്കുമായി അവസാനിക്കുമെന്നോ മൂന്നായി കിടന്നിരുന്ന മലയാളക്കര ഐക്യകേരളമായി മാറുമെന്നോ അതിന് ഒരു



ഏകീകൃത ഭരണമുണ്ടാകുമെന്നോ ഒന്നും സങ്കൽപിക്കാൻ കഴിയാത്ത കാലത്താണ് സെക്രട്ടേറിയറ്റ് മന്ദിരം പണിതത്. ഈ ചുണ്ണാമ്പ് കെട്ടിടത്തിന്റെ വടക്ക് പടിഞ്ഞാറുള്ള രണ്ടാം നിലയിലുണ്ടായിരുന്ന ദിവാന്റെ ഓഫീസിലാണ് 1888 ആഗസ്റ്റ് 23 ന് തിരുവിതാംകൂറിൽ രൂപം കൊണ്ട നിയമനിർമ്മാണസഭ അഥവാ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ പ്രഥമയോഗം നടന്നത്. ശ്രീമൂലം തിരുനാളിന്റെ കാലത്ത് കൂടിയ ഈ സഭ ഇന്ത്യൻ നാട്ടുരാജ്യങ്ങളി ലാദ്യത്തേതായിരുന്നു. ഇന്ത്യൻ ജനാധിപത്യ സമ്പ്രദായത്തിന്റെ പരിണാമത്തിന്റെ തുടക്കം ഇവിടെ നിന്നായിരുന്നുവെന്ന് പറയാം. ആയില്യം തിരുനാൾ മുതൽ ശ്രീചിത്തിര തിരുനാൾ വരെയുള്ള അഞ്ച് രാജാക്കന്മാരും റാണിമാരും സർ ടി. മാധവറാവു മുതൽ സർ സി.പി. രാമസ്വാമി അയ്യർ വരെയുള്ള പതിനേഴ് ദിവാൻമാരും സ്വാതന്ത്ര്യ ലബ്ധിക്കുശേഷം പട്ടം താണുപിള്ള, പറവൂർ ടി.കെ. നാരായണപിള്ള എന്നീ തിരുവിതാംകൂർ പ്രധാനമന്ത്രിമാരും തിരു-കൊച്ചി സംസ്ഥാനം രൂപംകൊണ്ട ശേഷം പറവൂർ ടി.കെ. നാരായണപിള്ള, സി. കേശവൻ, എ.ജെ. ജോൺ, പട്ടം താണുപിള്ള, പനമ്പിള്ളി ഗോവിന്ദമേനോൻ എന്നീ അഞ്ച് മുഖ്യമന്ത്രിമാരും ഐക്യകേരള രൂപീകരണത്തിന് ശേഷം ഇ.എം.എസ് നമ്പൂതിരിപ്പാട് മുതൽ പിണറായി വിജയൻ വരെയുള്ള ഇരുപത്തിരണ്ട് മുഖ്യമന്ത്രിമാരുടേയും ഭരണത്തിന് ഇതിനകം ഈ മുത്തശ്ശി മന്ദിരം സാക്ഷിയായി. ഒരു കാലത്ത് രാജാക്കന്മാർ പ്രധാന തീരുമാനങ്ങളെടുത്തിരുന്നത് ഇവിടത്തെ ദർബാർ ഹാളിലാണ്. തിരുവിതാംകൂർ സന്ദർശിച്ച ആദ്യ വൈസ്രോയി കഴ്സൺ പ്രഭുവായിരുന്നു. 1900 ൽ അദ്ദേഹത്തിന്റെ ദർബാറിനോടനുബന്ധിച്ച അത്താഴവിരുന്നും ഇവിടെ വച്ചാണ് നൽകിയത് ഇതിനുവേണ്ടി ദർബാർ ഹാളിന് പിന്നിലായി താൽക്കാലികമായ ഒരു മന്ദിരം ഉണ്ടാക്കിയത് പിന്നീട് ഓഫീസായിമാറി. സെക്രട്ടേറിയറ്റിന്റെ പൂന്തോട്ടം ഒരു കാലത്ത് കൗതുക കാഴ്ചയായിരുന്നു. ഇവിടെവച്ച് മുമ്പ് രാജകീയ ആഘോഷങ്ങളോടനുബന്ധിച്ച് ഉദ്യാനവിരുന്നുകൾ നടത്താറുണ്ടായിരുന്നു. സാധാരണ ഭരണത്തിൽ വരുന്ന രാജാവ് മരണം വരെ തുടരുകയായിരുന്നു തിരുവിതാംകൂറിലെ പതിവ്. എന്നാൽ ഇവിടെനിന്ന് ഭരണം അടുത്ത അവകാശിക്ക് കൈമാറി പോയ ഒരു റാണി ഉണ്ടായിരുന്നു. അത് റീജന്റ് മഹാറാണി സേതു



ലക്ഷ്മി ഭായി ആണ്. ശ്രീമൂലം തിരുനാൾ 1924-ൽ മരിച്ചതിനെത്തുടർന്ന് അടുത്ത രാജാവ് ശ്രീചിത്തിര തിരുനാളിന് പ്രായം തികയാത്തതിനാലാണ് അദ്ദേഹത്തിന്റെ വലിയമ്മയെ റീജന്റ് റാണിയാക്കാൻ ബ്രിട്ടീഷ് സർക്കാർ തീരുമാനിച്ചത്. 1931 വരെ അവർ റീജന്റായി ഭരണം തുടർന്നു. ശ്രീ. ചിത്തിര തിരുനാളിന് 18 തികഞ്ഞതിനെത്തുടർന്ന് 1931 നവംബർ ആറിന് അദ്ദേഹം അധികാരമേറ്റു. വൈസ്രോയിയുടെ പൊളിറ്റിക്കൽ ഏജന്റ് പ്രിച്ചാർഡിന്റെ നേതൃത്വത്തിലുള്ള ഈ അധികാര കൈമാറ്റ ചടങ്ങ് നടന്നത് സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിലാണ്.

**ജനകീയ മന്ത്രിസഭകളുടെ ഉദയം**

ഇന്ത്യ ഒട്ടാകെ ബ്രിട്ടീഷുകാർക്ക് എതിരെ നടന്ന ഐതിഹാസികസമരം തിരുവിതാംകൂറിലും ആളിക്കത്തി. പക്ഷേ ഇവിടത്തെ സമരം ഉത്തരവാദ ഭരണത്തിനുവേണ്ടിയായിരുന്നു. 1938 ൽ കൂടിയ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഹരിപുരാ സമ്മേളനം ആണ് രാജാക്കൻമാർ ഭരിക്കുന്ന നാട്ടുരാജ്യങ്ങളിൽ ഉത്തരവാദ ഭരണം സ്ഥാപിക്കാൻ പ്രത്യേക കോൺഗ്രസ് രൂപീകരിക്കാൻ നിർദ്ദേശം നൽകിയത്. രാജാവിന്റെ കീഴിൽ പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട നിയമസഭയും മന്ത്രിസഭയും ആണ് ഇതുകൊണ്ട് ഉദ്ദേശിച്ചത്. ഈ തീരുമാനം വന്ന ഉടൻ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസും കുറെ കഴിഞ്ഞ് കൊച്ചിയിൽ പ്രജാമണ്ഡലവും നിലവിൽ വന്നു. സ്റ്റേറ്റ് കോൺഗ്രസ് സമരം തുടങ്ങിയതോടെ അതിനെ തകർക്കാൻ അന്നത്തെ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ മർദ്ദനനയം സ്വീകരിച്ചു.

അടിയും വെടിയും നേതാക്കളുടെ ജയിലിലടക്കലുമായിട്ടാണ് തിരുവിതാംകൂർ പിന്നീട് കടന്നുപോയത്. ഇന്ത്യ ഒട്ടാകെ ഇതിനെതിരെ പ്രതിഷേധം ഉയർന്നു. മലബാറിൽ നിന്നും കോൺഗ്രസിന്റെ നേതൃത്വത്തിൽ തിരുവിതാംകൂറിലേക്ക് എ.കെ. ഗോപാലൻ (എ.കെ.ജി) ജാഥ നയിച്ചു. അതിനെ പോലീസ് ആലുവായിൽ തടഞ്ഞു. നെയ്യാറ്റിൻകര വെടിവെയ്പ്, പാങ്ങോട്-കല്ലറ സമരം, കടയ്ക്കൽ സമരം, വയലാർ പുന്നപ്ര സമരം തുടങ്ങിയവ ഇക്കാലത്ത് നടന്ന ചില സംഭവങ്ങൾ മാത്രമാണ്. അവസാനം ഇന്ത്യ സ്വതന്ത്രമാകുമെന്നായപ്പോൾ, തിരുവിതാംകൂറിനെ ഇന്ത്യയിൽ നിന്നും അടർത്തി ലോക ഭൂപടത്തിൽ ഒരു പ്രത്യേക രാജ്യമാക്കാനുള്ള സർ.



സി.പി.യുടെ ശ്രമത്തിനെതിരെ ഇന്ത്യയിലെങ്ങും പ്രതിഷേധം ഉയർന്നു. 1947 ജൂലൈ 25 ന് സർ സി.പി.ക്ക് വെട്ടേറ്റതോടെ സ്വതന്ത്ര തിരുവിതാംകൂർ സ്വപ്നം അവസാനിച്ചു. പിന്നീട് തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ചേരാൻ തീരുമാനിച്ചു. ആഗസ്റ്റ് 19 ന് സി.പി. ഉദ്യോഗം ഒഴിഞ്ഞതിനെത്തുടർന്ന് പി.ജി.എൻ. ഉണ്ണിത്താൻ ഒഫിഷിയേറ്റിങ് ദിവാനായി. അതിനുശേഷം തിരുവിതാംകൂർ മഹാരാജാവ് ഉത്തരവാദ ഭരണം അനുവദിക്കുന്നതിന്റെ മുന്നോടിയായി പ്രായപൂർത്തി വോട്ടവകാശത്തിലൂടെ ഒരു ജനപ്രതിനിധി സഭ ഉണ്ടാക്കാനുള്ള വിളംബരം നടത്തി.

തിരുവിതാംകൂർ ഭരണഘടന ഉണ്ടാക്കാനായിരുന്നു ഈ സഭ. ഇന്ത്യയിൽ പ്രായപൂർത്തി വോട്ടവകാശത്തിലുള്ള ആദ്യത്തെ തെരഞ്ഞെടുപ്പ് പ്രഖ്യാപനമായിരുന്നു അത്. പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന് വൻ ഭൂരിപക്ഷം കിട്ടി. ഡോ. രാജേന്ദ്ര പ്രസാദിന്റെ അധ്യക്ഷതയിൽ ഇന്ത്യക്ക് ഭരണഘടന തയ്യാറാക്കി കൊണ്ടിരിക്കുന്നതിനാൽ തിരുവിതാംകൂറിന് പ്രത്യേക ഭരണഘടന വേണ്ടെന്നും അതിനാൽ തെരഞ്ഞെടുത്ത ജനപ്രതിനിധികളെ ഉൾപ്പെടുത്തി നിയമസഭ രൂപീകരിക്കണമെന്നുമുള്ള നേതാക്കളുടെ അഭ്യർഥന ശ്രീ ചിത്തിരതിരുനാൾ മഹാരാജാവ് അംഗീകരിച്ചു. ചില അധികാരങ്ങൾ കൈവശം വച്ചശേഷം മറ്റുള്ളവ ജനകീയ മന്ത്രിമാർക്ക് വിട്ടുകൊടുക്കാൻ മഹാരാജാവ് തീരുമാനിച്ചു. ഇതിന്റെ ഭാഗമായി പട്ടം താണുപിള്ള പ്രധാനമന്ത്രിയും സി.കേശവൻ, ടി.എം.വർഗീസ് എന്നിവർ മന്ത്രിമാരുമായുള്ള ആദ്യ ജനകീയ മന്ത്രിസഭ 1948 മാർച്ച് 24-ൽ സെക്രട്ടേറിയറ്റിൽ അധികാരത്തിലെത്തി. പിന്നീടങ്ങോട്ട് പുതിയ മന്ത്രിമാരുടെ വരവുപോക്കിന്റേയും കാലമായിരുന്നു. 1949 ജൂലൈ ഒന്നിന് തിരുവിതാംകൂറും കൊച്ചിയും ഒന്നായി, തിരു-കൊച്ചിയായി. അതോടെ മഹാരാജാവ് ശ്രീചിത്തിര തിരുനാൾ ഗവർണർക്ക് തുല്ല്യമായ ‘രാജ പ്രമുഖൻ’ ആയി. അതിനുശേഷം പ്രധാനമന്ത്രി പദവി മുഖ്യമന്ത്രിയായി. പിന്നെ മന്ത്രിസഭകളുടെ ഉദയാസ്തമയങ്ങളുടെ കാലമായിരുന്നു. അഞ്ച് മുഖ്യമന്ത്രിമാരും അവരുടെ കീഴിലുള്ള മന്ത്രിമാരും മാറിമാറി തിരു-കൊച്ചി ഭരിച്ചു. സംസ്ഥാന പുനഃസംഘടനാ കമ്മീഷന്റെ തീരുമാന പ്രകാരം 1956 നവംബർ ഒന്നിന് ഐക്യ കേരളം നിലവിൽ വന്നു. അതോടെ രാജഭരണത്തിന്റെ



അവസാന കണ്ണിയും അറ്റു. രാജപ്രമുഖന്റെ ഉപദേശകനായിരുന്ന പി.എസ്സ്. റാവു ദർബാർ ഹാളിൽ വച്ച് സത്യപ്രതിജ്ഞ ചെയ്ത് കേരളത്തിന്റെ ആദ്യ ആക്ടിങ് ഗവർണർ ആയി. പിന്നീട് ഡോ.ബി.രാമകൃഷ്ണറാവു കേരളത്തിന്റെ ഗവർണർ ആയി എത്തി. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് കേരളത്തിലെ ആദ്യ തെരഞ്ഞെടുപ്പ് നടന്നത്. ഇതിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കായിരുന്നു ഭൂരിപക്ഷം. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ 1957 ഏപ്രിൽ അഞ്ചിന് ഇന്ത്യയിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിലേറുന്നതിന് സെക്രട്ടേറിയറ്റ് സാക്ഷിയായി.

സമകാലിക ജനപഥം,<br>ആഗസ്റ്റ് 2019.

ജജജ



## Prevention of Diseases through Primary Health Centres A Glimpse on Urban and Rural Areas in Kerala

**Suby Elizabeth Oommen**

The Primary Health Centres are the basic structural and functional unit of the public health *services* established to provide accessible, affordable and available primary health care to people. Primary Health Centres (PHC) are also the first contact point between the rural community and the doctors who are called Medical Officer (MO). The health Centres provides medical care services to the patients. Apart from the medical care services, it also provides services to the society in the form of preventing diseases and promoting health care to the rural population in the community. The study focus on the services PHCs provide to the community in preventing diseases and how far the households in urban, rural and remote rural are benefited by the services provided by the, PHCs.

### Objectives

The study focus on the assessment of services PHCs provide to the community in presenting diseases and how for the households in urban, rural and remote rural areas are benefited by PHC services.

### Methodology

The study is based on a primary survey conducted among the households in the Primary Health Centres of Kerala. Relevant information were collected from a sample of 375 households selected randomly from the three areas which includes Urban, Rural and Remote rural area. Remote rural area includes the Hilly and tribal areas of Kerala. The survey was conducted using a structured interview schedule. Simple statistical tools like Chi-Square test, average and percentage were used for data analysis.



**Role of Health Workers**

Preventing & controlling diseases are the core public health functions that protect our community and reduce the potential for illness and death among people of all ages. In the PHCs, the preventive services are administered by medical officers who is overall charge of the centres. The Health Inspector and Junior Health Inspector, supervises the Primary health centre to which they are attached. Health Inspectors supervises and coordinates the work of lady health inspectors and lady health workers, renders necessary administrative assistance to Medical Officers, they are in charge of organizing and implementing the immunization programme of school children as a part of school health.

Health inspector (M) carry out concurrent and consecutive supervisory house visit in the area of health Worker, keep vigilance to detect outbreak of communicable disease like cholera, Gastroenteritis, malaria etc, gives radical treatment for positive malaria cases, supervises spraying of insecticides, helping community for activities for improving environmental sanitation, conducting inspections of places of dangerous offensive traders including eating and drinking places where food items are prepared and supervises chlorination of water sources. If they come to know about any patient suffering from water, vector or air borne diseases in their areas, they immediately try to prevent further spreading of diseases by arranging fever survey, fogging the area within 24 hours and conducting source reduction. Apart from these, they also identifies the source of household water, collect blood samples, food samples, stool samples etc

**A Glimpse on Urban-Rural Areas**

Health awareness, sanitation and hygiene, Safe water and vaccination are important tools in the prevention and control of disease. Long-term, comprehensive disease control and prevention requires safe, clean and adequate water and sanitation infrastructure and sustainable hygiene practices in addition



to vaccination programmes; these must exist alongside many other critical factors including disease surveillance and strong health systems that reach everyone. Along with all health institutions, PHCs are playing a major part in the preventing diseases through organizing health awareness camps in the areas of urban PHCs, rural PHCs and even the remote rural PHCs.

**Health Awareness Camps**

Health promotion and disease prevention are a major emerging theme in health care generally.

As a part of preventive services, the PHCs organize health awareness camps and classes on the various health topics. The health workers during their visit to households make them aware of the need to attend these health awareness classes and camps. The Table-1 shows the number of households who have attended, not attended and not aware about the classes.

Table-1 describes the relationship between the participation of households in health awareness classes and the three geographical areas. The table shows that only 22.1 percent attended these health awareness classes and around 25.3 percent were not aware of the classes conducted by the PHC. Among the total, only 9.3 percent of urban households attended and 26.5 percent from remote rural attended the camps organised by the PHCs. This highlights the fact that health awareness classes are not effectively conducted especially in urban area. The Chi-square value 62.7 at .01 level of significance with degree of freedom 4 is greater than the table value. That is, the test shows that the existing situation of households participation in the health awareness classes and the area of households are significantly associated.

**Distribution of Sanitation Kits**

Polluted air causes respiratory diseases, unclean water and lacking sanitation causes diarrhoea, poorly managed water bodies cause vector diseases



such as malaria, poorly designed streets, cities and buildings cause injuries - and these are just a few examples. Altogether more than 80% of all major diseases and injuries are impacted by factors in our environment. More than 3.5 million deaths each year are from respiratory infections, diarrhoeal diseases and malaria alone. Therefore the need to keep the environment clean is a need of the community.

PHC workers usually visit the households for providing health awareness about sanitation which is an important factor that help to prevent diseases. The households are made aware about the need of keeping their houses and surroundings clean. They also provide sanitation kits and scrutinize whether the sanitation kits are effectively used by the households. The table 2 depicts the households who have used, not used and those not yet received the sanitation kit by the health workers or from the PHCs directly.

Table-2 presents the respondent households using sanitation kits in the different areas. Though 49.6 percent used the kit received from PHC, 18.9 percent have not yet used it. This points out that, the health workers during their visits could not make sure that the sanitation kits received are utilised properly to prevent any water borne and vector borne diseases. It was found that 31.5 percent of households did not get the kit. The percentage is seen greater in the urban area. The Chi-square value 36.3 at .01 level of significance with degree of freedom 4 is greater than the table value. The test showed that the existing situation of households regarding the usage of sanitation kit and the area of households are significantly associated.

**Chlorination and Sources Reduction**

The incidence of water-borne diseases and disease outbreaks would be correlated to the gaps in safe drinking water and sanitation at the local level.



**Table –1 – Participation of Households in Health Awareness Classes**

| Area | Number of Households<br>Attended | Did not attend | Not aware of | Total |
